ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, തേർളായി-കോർളായി ദ്വീപുകളെ മറ്റു കരകളുമായി പരസ്പരം ബന്ധിപ്പിക്കുന്നതിനുവേണ്ടി തേർളായി പുഴിക്കടവ്, തേർളായി-കോർളായി മുല്ലക്കുടി, പൂഞ്ചേരിക്കടവ് എന്നിവിടങ്ങളിൽ റഗുലേറ്റർ- കം-ബ്രിഡ്ജ് പണിയുന്നതിന് നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർ 16-12-1999-ൽ ആവശ്യപ്പെട്ടിരുന്നു. അത് അനുസരിച്ച് വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ജലസേചനവകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം ഈ പ്രൊപ്പോസൽ 2000-2001 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് volume - II-ൽ ഉൾപ്പെടുത്താനും നടപടി സ്വീകരിച്ചു വരുന്നു. കണ്ണൂർ ഇറിഗേഷൻ (ഇൻവെസ്റ്റിഗേഷൻ) വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ വിശദമായ അന്വേഷണം പുരോഗമിച്ചു വരുകയാണ്. അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്കു അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(14) സ്വർണ്ണത്തൊഴിലാളികൾക്ക് ക്ഷേമനിധി

ശ്രീ. എ. കണാരൻ : സർ, കേരളത്തിലെ രണ്ടു ലക്ഷത്തിലധികം വരുന്ന സ്വർണ്ണത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ഇന്ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ സ്വർണ്ണത്തൊഴിലാളി ഫെഡറേഷന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ സെക്രട്ടേറിയറ്റിന് മുമ്പിൽ സമരം നടത്തുകയാണ്. ആഭരണ തൊഴിലാളികളുടെ സ്ഥിതി വളരെ പരിതാപകരമാണ്. ജോലിയില്ലാതെ തെണ്ടിത്തിരിഞ്ഞു നടക്കുന്ന അവസ്ഥയാണ് ഇവർക്കുള്ളത്. 16 മണിക്കൂർ ജോലി ചെയ്താലും പട്ടിണി കിടക്കേണ്ട സ്ഥിതി വിശേഷം ഇവിടെ നിലനിൽക്കുന്നുണ്ട്. ജീവിത പരിതസ്ഥിതിയെ നേരിടാൻ കഴിയാതെ ആത്മഹത്യ ചെയ്യുന്ന അവസ്ഥയും ഇവിടെ വന്നു ചേർന്നിട്ടുണ്ട്. ഇത് അങ്ങേയ്ക്കു തന്നെ അറിയാവുന്ന വസ്തുതയാണ്. മറ്റൊരു തൊഴിൽ മേഖലയിലും കാണാത്ത തരത്തിലുള്ള ചൂഷണമാണ് ഇവിടെ നടക്കുന്നത്, നടന്നുകൊണ്ടിരിക്കുന്നത്. ആഭരണമേഖലയിൽ വ്യാപാരികൾ വാങ്ങിക്കൊണ്ടിരിക്കുന്നത് വാല്യു അഡിഷനെന്നുള്ള പേരിൽ ഒരു ഗ്രാം ആഭരണത്തിന് 80 മുതൽ 120 രൂപ വരെ ഈടാക്കുന്നുണ്ട്. എന്നാൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കൊടുക്കുന്നത് 20 രൂപയോ അല്ലെങ്കിൽ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നതിന്റെ 20 ശതമാനമോ ആണ്. വല്ലാത്തൊരു ചൂഷണമാണ് ഇവിടെ നടന്നു കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ആഭരണത്തൊഴിലാളികൾക്ക് കൂലി നിരക്ക് നിശ്ചയിച്ചുകൊണ്ട് സേവന-വേതന വ്യവസ്ഥ ഉറപ്പുവരുത്തുന്ന സംരക്ഷണ നിയമം ഉണ്ടാക്കണം. ആഭരണകടകളിൽ മേള എന്ന പേരിൽ പാരിതോഷികങ്ങൾ നൽകി ആഭരണങ്ങൾ വിൽപ്പന നടത്തുന്നുണ്ട്. അതു ഗുണനിലവാരമുള്ളതാണോ എന്നു പരിശോധിക്കാൻ ശക്തമായ സംവിധാനവും വേണം. ആഭരണ ഇറക്കുമതി തടയാൻ നടപടി വേണം. ആഭരണത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തേണ്ടതാണ്. ഈ ആവശ്യങ്ങളാണ് അവർ ഉന്നയിക്കുന്നത്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വിനയപൂർവം അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, സ്വർണ്ണത്തൊഴിലാളികളുടെ ഇന്നത്തെ ഖേദകരമായ അവസ്ഥ ഗവൺമെന്റ് പരിഗണിക്കുന്നുണ്ട്. സ്വർണ്ണത്തൊഴിലാളികളുൾപ്പെടെ സ്വയം തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവർക്കും മറ്റ് ചെറിയ ജോലികളിൽ ഏർപ്പെടുന്നവർക്കുമായി നിലവിലുള്ള കൈത്തൊഴിലാളി, വിദഗ്ദ്ധ തൊഴിലാളി പദ്ധതി പരിഷ്ക്കരിച്ച് ക്ഷേമ നിധിയാക്കി മാറ്റുന്നത് ഉചിതമായിരിക്കുമെന്ന് ഗവൺമെന്റിന് ബോധ്യമായിട്ടുണ്ട്. ഇതിനായി തയ്യാറാക്കിയിട്ടുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചു വരികയാണ്. പ്രസ്തുത ബിൽ നിയമമാക്കുമ്പോൾ ക്ഷേമനിധി ആനുകൂല്യങ്ങൾ സ്വർണ്ണാഭരണ നിർമ്മാണത്തൊഴിലാളികൾക്കും ലഭ്യമാകുന്നതാണ്.

(15) ഉപഭോക്താക്കൾ വൈദ്യുത നിരക്ക് കൂടുതൽ നൽകേണ്ടി വരുന്നത് സംബന്ധിച്ച്

ശ്രീ. തമ്പാനൂർ രവി : സർ, കേരളത്തിലെ വിദ്യുച്ഛക്തി ഉപഭോക്താക്കൾ അനുഭവിക്കുന്ന അതിരൂക്ഷമായ ഒരു പ്രശ്നം-വൈദ്യുതി ചാർജ്ജ് വർദ്ധനവുൾപ്പെടെ നിരവധി കാര്യങ്ങൾ-ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. ഈ അടുത്ത കാലത്തുണ്ടായ ചാർജ്ജ് വർദ്ധനവോടു കൂടി നിലവിലുണ്ടായിരുന്ന ചാർജ്ജ് രണ്ടിരട്ടിയായി വർദ്ധിച്ചിരിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു കാരണം കേരളത്തിലെ ഹൈഡൽ പ്രോജക്ടാണ്. ഇവിടെ ലഭ്യമായ ജലസമ്പത്തിന്റെ 34 ശതമാനം മാത്രമാണ് ജല വൈദ്യുത പദ്ധതിക്കു വേണ്ടി ഉപയോഗിക്കുന്നത്. ബാക്കി തെർമൽ പവറിന് പോകുകയാണ്. ബോർഡിലെ കണക്കനുസരിച്ച് നമ്മുടെ കൺസംപ്ഷനെന്നു പറയുന്നത് 34.5 മില്യൻ യൂണിറ്റു കറന്റാണ്. അതിൽ കേന്ദ്രം തന്ന 10.5 മില്യൻ യൂണിറ്റും ഈ സ്റ്റേറ്റിലെ തെർമൽ പവർ പ്ലാന്റും ഉൽപ്പാദിപ്പിച്ചതുമുൾപ്പെടെ 18.5 മില്യൻ യൂണിറ്റാണ്. ബാക്കിയുള്ള 16 മില്യൻ യൂണിറ്റു മാത്രമാണ് ഹൈഡൽ പ്രോജക്ടിൽനിന്ന് തന്നിരിക്കുന്നത്. ഇപ്പോൾ ബോർഡ് കടക്കെണിയിലേക്കു പോകുകയാണ്. വിദ്യുച്ഛക്തി ലഭ്യമാക്കാനുള്ള നടപടി നല്ലതാണ്. പക്ഷേ സാധാരണ ജനങ്ങൾക്ക് താങ്ങാൻ കഴിയുന്നില്ല. പരമാവധി തെർമൽ പ്ലാന്റിലേക്ക് പോകുന്ന ഒരു സമീപനമാണ് ഇന്നുള്ളത്. അതിന്റെ ഫലമെന്താണ് ? തെർമൽ പ്ലാന്റിലെ ഒരു യൂണിറ്റ് ഉൽപ്പാദനത്തിന് ഏതാണ്ട് ആറു രൂപ വരെയാകുന്നു. ഹൈഡൽ പ്രോജക്ടിന് ഒരു രൂപ മാത്രമേ ആകുന്നുള്ളൂ. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഈ തെർമൽ യൂണിറ്റ് ഉൽപ്പാദനം നല്ലതുതന്നെയാണ്, പക്ഷേ വൻകിട പദ്ധതികൾക്ക്, വൻകിട വ്യവസായങ്ങൾക്ക് ക്യാപ്റ്റീവ് പവർ, സെൽഫ് ജനറേറ്റിംഗ് പവർ ഉണ്ടാക്കാൻ അനുമതി കൊടുത്ത് തെർമൽ പ്ലാന്റ് മുഴുവൻ അതിലേക്ക് കൺവെർട്ട് ചെയ്തിട്ട് സാധാരണ ആളുകൾക്ക് കൂടുതൽ ഹൈഡൽ പ്രോജക്ട് ഉൽപ്പാദിപ്പിക്കുവാൻ അവസരം കൊടുക്കാവുന്നതാണ്. ഉദാഹരണത്തിന് ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി, 160 മെഗാവാട്ടിന്റെതാണ്. അതൊന്നുമായിട്ടില്ല. പ്രോജക്ട് റിപ്പോർട്ട് നൽകിയ ധാരാളം പ്രോജക്ടുകൾ ഇവിടെയുണ്ട്. കംപ്ലീറ്റു ചെയ്തതും ചെയ്യാത്തതുമായ ധാരാളം പ്രോജക്ടുകൾ ഉണ്ട്. നമ്മുടെ ഇപ്പോഴത്തെ സ്ഥിതി എന്നു പറയുന്നത്, കേരളത്തിൽ ലഭ്യമായിട്ടുള്ള 34 ശതമാനം ജലസമ്പത്തു മാത്രമാണ് നമ്മൾ ഉപയോഗിക്കുന്നത്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly